# ഗവൺമെന്റ് ഡെന്റൽ കോളേജ് സുവർണ്ണ ജൂബിലി സമാപനം

തിരുവനന്തപുരം
20.12.2009

ഗവൺമെന്റ് ഡെന്റൽ കോളേജ് സുവർണ്ണജൂബിലി സമാപന സമ്മേളനം ഏറെ സന്തോഷത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു.

രാജ്യത്തെ ഏറ്റവും പാരമ്പര്യമുള്ളതും മികവുറ്റതുമായ ഡെന്റൽ കോളേജുകളിലൊന്നാണ് തിരുവനന്തപുരം ഡെന്റൽ കോളേജ് എന്നത് സംസ്ഥാനത്തിന് അഭിമാനകരമാണ്. ഇതിനകം ആയിരത്ത ഞ്ഞൂറിൽപ്പരം ദന്തഡോക്ടർമാരെ സൃഷ്ടിച്ച സ്ഥാപനമാണിത്. കേരളത്തിൽ ആധുനിക ദന്തചികിത്സക്ക് അടിത്തറയിട്ട സ്ഥാപനം. പ്രതിവർഷം ഒന്നരലക്ഷത്തോളംപേർ ദന്തചികിത്സക്കായി എത്തുന്ന ഈ സ്ഥാപനം മികവിന്റെ കേന്ദ്രമായി മാറിയിരിക്കുന്നു. സ്ഥാപനത്തെ കുറെക്കൂടി മെച്ചപ്പെടുത്താനും കാര്യക്ഷമത വർധിപ്പിക്കാനും സുവർണജൂബിലി വേളയിലെ പ്രവർത്തനങ്ങൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുജനാരോഗ്യരംഗത്തും ആരോഗ്യവിദ്യാഭ്യാസരംഗത്തും ഗുണപര മായി വലിയ മാറ്റങ്ങളാണ് കഴിഞ്ഞ രണ്ടുമൂന്നുവർഷത്തിനകം ഉണ്ടായിട്ടുള്ളത്. മെഡിക്കൽകോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചത് വലിയ മാറ്റമാണ്. ഡോക്ടർമാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഗണ്യമായി വർധിപ്പിച്ചുകൊണ്ടാണ്

സ്വകാര്യ പ്രാക്ടീസ് നിരോധിച്ചത്. വിദ്യാർത്ഥികളെ പഠിപ്പിക്കുക, രോഗികളെ പരിശോധിക്കുക, ഗവേഷണപഠനങ്ങൾ നടത്തുക തുടങ്ങിയ കാര്യങ്ങളാണ് മെഡിക്കൽ കോളേജിലെ വിദഗ്ധരിൽ നിന്നും പ്രതീക്ഷിക്കുന്നത്. സ്വകാര്യ പ്രാക്ടീസ് അതിന് തടസ്സമായിരുന്നു. മെഡിക്കൽകോളേജുകളിലെയും ഡെന്റൽ കോളേജുകളിലെയും അധ്യാപകർക്കും വിദഗ്ധർക്കും മാത്രമല്ല ശമ്പളം വർധിപ്പിച്ചത്. മുഴുവൻ ഡോക്ടർമാർക്കുമാണ്. അതുപോലെ കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ജനറൽ ആശുപത്രികളും ജില്ലാ ആശുപത്രികളും ഏറെക്കുറെ സുസജ്ജമാക്കിയശേഷമാണ് റഫറൽ സമ്പ്രദായം നടപ്പാക്കിയത്. ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ കഴിഞ്ഞു.

പൊതുമേഖലയിൽ പൊതുജനാരോഗ്യപരിപാലനസംവിധാനം മെച്ചപ്പെടുത്താനും ആരോഗ്യവിദ്യാലയങ്ങളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വലിയ സംഭാവനകൾ ചെയ്യാനാവും. ആരോഗ്യവിദ്യാഭ്യാസരംഗത്തെന്നപോലെ ചികിത്സാരംഗത്തും കച്ചവടവൽക്കരണമുണ്ട്. വലിയ പണം മുടക്കി ഡോക്ടർമാരാകുന്നവർ ഉള്ള രോഗത്തിനും ഇല്ലാത്തരോഗത്തിനും രോഗിയെ ചൂഷണം ചെയ്ത് മുതലാക്കാൻ ശ്രമിക്കുന്നുവെന്ന പരാതികളുണ്ട്. ദന്തചികിത്സാരംഗത്തും രോഗികൾ കടുത്ത ചൂഷണത്തിനിരയാകുന്നുണ്ട്. രോഗിയെ ഒരു ഇരയായി കാണുന്ന പ്രവണത സ്വകാര്യചികിത്സാമേഖലയിൽ കേരളത്തിലുമുണ്ട്. ഭിഷഗ്വരജോലി നല്ലൊരുദ്യോഗമെന്നതിനൊപ്പം ജനസേവനം കൂടിയാണെന്ന് പുതുതായി ബിരുദം നേടുന്നവർ ഓർക്കണം. ആരോഗ്യവിദ്യാലയങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും ജനങ്ങളോടുള്ള പ്രതിബദ്ധതയിൽ ഊന്നുകതന്നെ വേണം. ചികിത്സാരംഗത്തെ വാണിജ്യവൽക്കരണത്തിനും ചൂഷണത്തിനുമെതിരെ പ്രായോഗികമായി പ്രവർത്തിക്കാൻ നിങ്ങൾക്കാവട്ടെ എന്നാശംസിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം.